**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 508** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>ബഡ്ജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന തിരൂർ മണ്ഡലത്തിലെ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** 2021-22 മുതൽ 2025 - 26 സാമ്പത്തിക വർഷം വരെ അവതരിപ്പിക്കപ്പെട്ട സംസ്ഥാന ബജറ്റുകളിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് നിയോജക മണ്ഡലം തിരിച്ച് അറിയിക്കാമോ;

**<u>മറുപടി:</u>** 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

**(ബി)** 2021-22 മുതൽ 2025 - 26 സാമ്പത്തിക വർഷം വരെ അവതരിപ്പിക്കപ്പെട്ട സംസ്ഥാന ബജറ്റിൽ ടോക്കൺ തുക മാത്രം വകയിരുത്തിയിരുന്ന തിരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികളിൽ ഭരണാനുമതി നൽകുന്നതിന് വേണ്ടി പരിഗണിക്കുന്ന പദ്ധതികൾ ഏതെല്ലാം ആണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** 'വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II' എന്ന ബജറ്റ് രേഖയിൽ വിഹിതം വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് നിലവിലുള്ള ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്.

**സെക്ഷൻ ഓഫീസർ**